(ഇ) ഇതിനായി നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം

(എ) 5-8-1995- ലെ സർക്കാർ ഉത്തരവ് (എം. എസ്.) 397/95/പൊ.വി. പ്രകാരം 1500-ൽ കൂടുതൽ കുട്ടികളുള്ള ഹൈസ്കൂളുകളിൽ ഏറ്റവും സീനിയറായ അദ്ധ്യാപകനെ തസ്തിക ഉയർത്താതെ പ്രതിമാസം 200 രൂപ കോമ്പൻസേറ്ററി അലവൻസ് നൽകി ഡെപ്യൂട്ടി ഹെഡ്മാസ്റ്ററായി നാമകരണം ചെയ്യാൻ ഉത്തരവായിട്ടുണ്ട്.

(ബി) എയിഡഡ് സ്കൂൾ സർവ്വീസ് പരിഗണിക്കുകയില്ല.

(സി) ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കിയതിനു ശേഷം പരീക്ഷയിൽ തോറ്റുപോകുന്നവരെ 15 വർഷത്തെ തുടർച്ചയായ സർവ്വീസും 40 വയസ്സും പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ടി പരീക്ഷ പാസ്സാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) പി. എസ്. സി. യുടെ അഡ്വൈസ് തീയതി മുതൽക്കാണ്.

(ഇ) 20-5-1958-ലെ സർക്കാർ ഉത്തരവ് (എം. എസ്.) 522/58/വിദ്യാഭ്യാസം നമ്പർ ഉത്തരവിന്റെ പകർപ്പ് ഇതൊടൊപ്പം വയ്ക്കുന്നു. †

സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർതൃ സമിതി രൂപീകരണം

56 (2931) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർതൃ സമിതി രൂപീകരിക്കണമെന്നും ആയത് കാലാകാലങ്ങളിൽ യോഗം ചേരണമെന്നും പുനഃസംഘടിപ്പിക്കുകയും ചെയ്യണമെന്ന് കേരള വിദ്യാഭ്യാസ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ ചുമതലകളും ഉത്തരവാദിത്വവും എന്തെല്ലാമാണ് ;

(സി) വിദ്യാഭ്യാസ നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ മനഃപൂർവ്വം അദ്ധ്യാപക രക്ഷാകർതൃ സമിതി വിളിച്ചു കൂട്ടാത്തതിനെ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളെ സംബന്ധിച്ചാണ് പരാതി ലഭിച്ചിട്ടുള്ളത് ; പരാതിക്കാർ ആരെല്ലാമാണ് ; പ്രസ്തുത പരാതികളിന്മേൽ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട് ; അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 31-3-1969-ലെ ജി. ഒ. (പി) 138/69 പൊ.വി. എന്ന ഉത്തരവിൻ പ്രകാരം ജൂലൈ മാസം ആദ്യവാരത്തിൽ സ്കൂളുകളുടെ മേലധികാരി അദ്ധ്യാപക-രക്ഷാകർതൃ സമിതി വിളിച്ചു ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി)1. അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള സഹകരണവും ധാരണയും മെച്ചപ്പെടുത്തുക.

2. സാമൂഹ്യ-സാമ്പത്തിക-സാംസ്ക്കാരിക-വിദ്യാഭ്യാസ ഉന്നമനത്തിനും മെച്ചപ്പെട്ട വിദ്യാലയങ്ങൾക്കും ഭവനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുക.

3. കലകളുടേയും കൈവേലകളുടേയും അഭ്യസനം ഏർപ്പെടുത്തുന്നതിൽ വിദ്യാലയങ്ങളെ സഹായിക്കുക. സാമ്പത്തിക പരിപാടികൾ, ചർച്ചാ സമ്മേളനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുക.

4. സാമൂഹ്യ ജീവിതം കൂടുതൽ ഐശ്വര്യപൂർണ്ണവും ആനന്ദപ്രദ വുമാക്കാൻ ഉതകത്തക്ക പഠനങ്ങളും, ബോധനവും, ഗവേഷണവും വിദ്യാഭ്യാസ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ സംഘടിപ്പിക്കുക.

5. നമ്മുടെ പാരമ്പര്യം, സംസ്ക്കാരം ഇവയോടുള്ള ബഹുമാനവും ആദരവും കുട്ടികളിൽ ഉളവാക്കാൻ സഹായിക്കുക.

(6) കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയിൽ താൽപര്യം പ്രദർശിപ്പിച്ച് ഭവനങ്ങളിൽ വെച്ച് അവരുടെ പഠന പുരോഗതി ഇടയ്ക്കിടയ്ക്ക് പരിശോധിക്കുകയും അദ്ധ്യാപകരെ അവരുടെ പ്രവർത്തനങ്ങളിൽ സഹായിക്കാൻ രക്ഷകർത്താക്കളെ പ്രേരിപ്പിക്കുകയും ചെയ്യുക.

7. സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സഹായിക്കുക.

(സി) വിവരം ശേഖരിച്ചു വരുന്നു.

എയിഡഡ് സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനങ്ങൾ

57 (2932) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പുതിയ നിയമനങ്ങൾ അംഗീകരിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച കാലയളവിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനങ്ങളാണ് അംഗീകരിച്ചു കൊടുക്കുവാനുണ്ടായിരുന്നത് ; കാറ്റഗറി തിരിച്ചും ആണ്ടു തിരിച്ചുമുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly